കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഏലൂർ നഗരസഭ-ഏലൂർ വില്ലേജിലെ സർവ്വേ നമ്പർ 64/4-2 ൽ ഉൾപ്പെട്ട അനധികൃത നിർമ്മാണം- കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം,2014— ക്രമവൽക്കരിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 631/16/തസ്വഭവ തീയതി തിരുവനന്തപുരം 16/02/2016

പരാമർശം:- 1) 14.2.14- ലെ സ.ഉ(എം.എസ്) നമ്പർ 39/2014/ തസ്വഭവ

2) 01/07/15-ലെ 206020/RB1/15/തസ്വഭവ നമ്പർ സർക്കാർ കത്ത്

3) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീ. ആൻഡ്രൂ ഡിക്രൂസ് 29.7.15 ൽ സമർപ്പിച്ച പുന : പരിശോധന അപേക്ഷ.

## ഉത്തരവ്

ഏലൂർ നഗരസഭയിൽ ഏലൂർ വില്ലേജിൽ സർവ്വേ നമ്പർ 64/4-2 ൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. ആൻഡ്രൂ ഡിക്രൂസ് & ശ്രീമതി. മേരി ഐസി ഡിക്രൂസ് കണിശ്ശേരി ഹൗസ്,മഞ്ഞുമ്മൽ എന്നിവർ നിർമ്മിച്ച കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കെട്ടിടം 2014 ലെ ക്രമവൽക്കരണ ചട്ടത്തിലെ ചട്ടം 5(2), Appendix II (9),കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 383 A എന്നിവ ലംഘിക്കുന്നതിനാൽ പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ പരാമർശം 2 പ്രകാരം സർക്കാർ നിരസിക്കുകയുണ്ടായി.

2.പരാമർശം രണ്ടിലെ നിർദ്ദേശം പുനപരിശോധിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ശ്രീ. ആൻഡ്രൂ ഡിക്രൂസ് പരാമർശം മൂന്ന് പ്രകാരം സർക്കാരിൽ പുന:പരിശോധന അപേക്ഷ സമർപ്പിക്കുകയുണ്ടായി. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 7(5) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഈ അപേക്ഷ പുനപരിശോധിക്കുകയും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഏലൂർ നഗരസഭയിലെ ഏലൂർ വില്ലേജിൽ സർവ്വേ നമ്പർ 64/4-2 ൽ ഉൾപ്പെട്ട സ്ഥലത്ത് (ഗ്രൗണ്ട് ഫ്ലോർ + രണ്ട് ഫ്ലോർ ) ആകെ 396.34 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ ശ്രീ. ആൻഡ്രൂ ഡിക്രൂസ്& ശ്രീമതി. മേരി ഐസി ഡിക്രൂസ്, കണിശ്ശേരി ഹൗസ്,മഞ്ഞുമ്മൽ നിർമ്മിച്ച കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ഏലൂർ നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I) ചട്ട പ്രകാരമുള്ള 50 % പാർക്കിംഗ് നൽകേണ്ടതാണ്.

(ii) കെട്ടിടത്തിന്റെ കോമ്പൗണ്ടിംഗ് ഫീസായി 6,91,158/- രൂപ (ആറ് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി അൻപത്തിയെട്ട് രൂപ) '' 0217 Urban Development -60- Other Urban Development Scheme -800-Other receipts-91 Compounding fee for regularization of Unauthorized Constructions violating provisions of building rules''എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3. മേൽ പരാമർശിച്ച തുക ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ ഏലൂർ നഗരസഭാ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ഏലൂർ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

4 ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ രണ്ടാം ഖണ്ഡികയിലെ നിബന്ധന പാലിച്ചിട്ടുണ്ടെന്ന് ഏലൂർ നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ പി എം .മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

ശ്രീ. ആൻഡ്രൂ ഡിക്രൂസ് &
ശ്രീമതി. മേരി ഐസി ഡിക്രൂസ്,കണിശ്ശേരി ഹൗസ് , മഞ്ഞുമ്മൽ
സെക്രട്ടറി, ഏലൂർ നഗരസഭ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
സീനിയർ ടൗൺ പ്ലാനർ, എറണാകുളം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ